# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 219

05/05/2017 -ൽ മറുപടിയ്ക്ക്.

### ക്ഷീരോത്പാദന മേഖലയിലെ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം രാജഗോപാലൻ<br>ശ്രീ.ഒ.ആർ കേളു<br>ശ്രീ.കെ.കെ രാമചന്ദ്രൻ നായർ<br>ശ്രീ.പി. ഉണ്ണി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോത്പാദന മേഖലയിൽ സ്വയം പര്യാപ്തത നേടാനായി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) ക്ഷീരോല്പാദന മേഖലയിൽ സ്വയം പര്യാപ്തത നേടാനായി 2017-2018 ബഡ്ജറ്റിൽ ക്ഷീരവികസന വകുപ്പിന്റെ വിവിധ ശീർഷകങ്ങളിലായി ആകെ 9775 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>1) ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം -495 ലക്ഷം<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതി -600 ലക്ഷം.<br>3) ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം -466 ലക്ഷം<br>4) മിൽക്ക് ഷെഡ് വികസന പദ്ധതി- 4179 ലക്ഷം<br>5) കാറ്റിൽ ഫീഡ് സബ്സിഡി -1400 ലക്ഷം<br>6) ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം -2585 ലക്ഷം<br>7) ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം -25 ലക്ഷം<br>8) വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി -25 ലക്ഷം<br>ആകെ -9775 ലക്ഷം<br>ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുവാനായി ക്ഷീര കർഷകരെ |

സഹായിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- ഗോസമൃദ്ധി- കന്നുകാലി ഇൻഷുറൻസിന് പുതിയ സംസ്ഥാന പദ്ധതി.
- കന്നുക്കുട്ടി പരിപാലന പദ്ധതി- ഗോവർദ്ധിനി
- രാത്രികാല അടിയന്തിര വെറ്ററിനറി സേവനം
- ഇ-ഗവർണ്ണൻസ് സംരംഭങ്ങൾ

(ബി) ഉത്പാദനക്ഷമത വർദ്ധനവിനായുള്ള കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ പദ്ധതികളാണ് കന്നുകുട്ടി പരിപാലന പദ്ധതിയിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു പശുക്കുട്ടിയെ 4 മാസം മുതൽ30 മാസം പ്രായം വരെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ആവശ്യമായ ചെലവിന്റെ പകുതി പരിധിയ്ക്ക് വിധേയമായി സർക്കാരിന്റെ വികസന ഫണ്ടിൽ നിന്നും ധനസഹായമായി നൽകുന്ന ഒരു പദ്ധതിയാണ്ഗോവർദ്ധിനി പദ്ധതി. സമാനമായ ഒരു പദ്ധതിയാണ് കാഫ് അഡോപ്ഷൻ പ്രോഗ്രം .ഈ പദ്ധതിയിൽ ധനസഹായത്തിന്റെ പകുതി സംസ്ഥാന സർക്കാരും ശേഷിക്കുന്ന പകുതി ഗ്രാമ പഞ്ചായത്തുകളും നൽകുന്നു.

സംസ്ഥാനതലത്തിൽ ഒരു അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി നടപ്പിലാക്കുന്നു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം ,തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ എട്ട് ജില്ലകളിൽ ഈ പദ്ധതി നടത്തിപ്പിനായി പ്രത്യേകം ജില്ലാതല ഓഫീസുകളും, വെറ്ററിനറി സർജൻമാരും, നിലവിലുണ്ട്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം

എറണാകുളം, വയനാട് കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ പ്രാദേശിക സർക്കാർ മൃഗാശുപത്രിയിലെ വെറ്ററിനറി ഡോക്ടർമാരാണ് പദ്ധതി നടപ്പാക്കുന്നത്.

1. 4 മാസം മുതൽ 30 മാസം വരെ ആവശ്യമായി വരുന്ന കന്നുകുട്ടി തീറ്റയുടെ പകുതി വില, പരിധിയ്ക്ക് വിധേയമായി ധനസഹായം നൽകുന്നു.
2. പശുക്കുട്ടിയെ 4 മാസം മുതൽ 32 മാസം വരെ ഇൻഷ്വർ ചെയ്യുന്ന പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.
3. കർഷകന് ശാസ്ത്രീയമായ പരിശീലനം നൽകുകയും 100 രൂപ പരിശീലന ബത്ത നൽകുകയും ചെയ്യുന്നു.
4. ആവശ്യമായ വെറ്ററിനറി സഹായം നൽകുന്നു.
5. പുൽകൃഷിയ്ക്ക് പ്രോൽസാഹനം നൽകുന്നു.

(സി) ഈ ലക്ഷ്യപ്രാപ്തിക്ക് അനുഗുണമായ രീതിയിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അതിന്റെ ഫലങ്ങൾ കർഷകരിൽ യഥാസമയം എത്തിക്കാനും വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ?

(സി) കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലും ഉന്നത പഠന കേന്ദ്രങ്ങളിലുമായി കേരളത്തിലെ പശുക്കളുടെ പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ ഗവേഷണ പദ്ധതികൾ നടത്തുകയുണ്ടായി, പശുക്കളുടെ തീറ്റ ക്രമീകരണവും തീറ്റ വസ്തുക്കളുടെ ഉപയോഗക്രമവും വർദ്ധിപ്പിക്കുക, പശുക്കളുടെ പ്രത്യുൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, പശുക്കളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥയുമായി പൊരുത്തപ്പെടുന്ന തരത്തിലുള്ള

അന്തരീക്ഷക്രമീകരണം, പാലുത്പാദനം കുറയ്ക്കുന്ന അസുഖങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും രൂപപ്പെടുത്തുക എന്നീ മേഖലകളിലാണ് പ്രധാനമായും ഗവേഷണപ്രവർത്തനങ്ങൾ നടന്നു വരുന്നത്.

സെക്ഷൻ ഓഫീസർ.